# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 205** — **07/08/2017-ൽ മറുപടിക്ക്**

## പനിയുടെ തോത് വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) വർഷം തോറും കേരളത്തിൽ മൺസൂൺ വേളകളിൽ പനി ആശങ്കാജനകമായി വർദ്ധിച്ചു-വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) വിലയിരുത്തിയിട്ടുണ്ട്.<br>• കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ<br>• ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ<br>• കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ<br>• ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും<br>• സാമൂഹിക ശുചിത്വത്തിലുള്ള താല്പര്യക്കുറവ്<br>• ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കാനുള്ള സൗകര്യക്കുറവ്<br>എന്നിവയാണ് പനി വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ |
| ബി) കേരളത്തിൽ ഇപ്രകാരം പനിയുടെ ആശങ്കയുള്ള സാഹചര്യത്തിൽ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടും പനിയുടെ തോത് വർദ്ധിച്ചതിന്റെ കാരണങ്ങൾ വിശദമായി പഠനത്തിന് വിധേയ-മാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ബി) നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) **MCVR മണിപ്പാൽ** - മനുഷ്യരിൽ ഡെങ്കി, എച്ച്1 എൻ1 വൈറസുകളെക്കുറിച്ചുള്ള പഠനം നടത്തുന്നുണ്ട്.<br>2) **രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി** - ഡെങ്കിപ്പനിയെ-ക്കുറിച്ചുള്ള പഠനം നടത്തുന്നുണ്ട്.<br>3) **VCRC കോട്ടയം** - ഈഡിസ് കൊതുകുകളിൽ ഡെങ്കി, സിക്ക എന്നീ വൈറസുകളെക്കുറിച്ചുള്ള പഠനം നടത്തുന്നുണ്ട്.<br>4) **കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം** - പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള പഠനം നടത്താൻ ആരംഭിച്ചിട്ടുണ്ട്. |
| സി) ഇക്കാര്യത്തിൽ ഏറ്റവും സാങ്കേതിക മികവുള്ള ഒരു സർക്കാർ ഏജൻസിയെക്കൊണ്ട് പഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുമോ? | സി) തത്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**